ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ഗ്രാന്റിന്റെ അപേക്ഷ പരിഗണിക്കുന്ന സമയത്ത് പ്രവേശനവും ഡിസ്ചാർജ്ജും സംബന്ധിച്ച് രജിസ്റ്ററുകൾ പരിശോധിക്കാറുണ്ട്.

സ്ഥാപനത്തിന്റെ അംഗീകാരം നൽകുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ പരിശോധിക്കുന്ന സമയത്ത് അന്തേവാസികളുടെ പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാറുണ്ട്.

സർക്കാർ ഗ്രാന്റ് കൊടുക്കുന്ന വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ പരിശോധന നടത്താറുണ്ട്. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിലേക്കായി പ്രതിമാസം 750 രൂപയും മരുന്നിന് 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000 രൂപ നിരക്കിലും തുക അനുവദിച്ച് നൽകി വരുന്നു.

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കു പ്രതിമാസം 200 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഡി) അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തി യഥാസമയം നടപടികൾ സ്വീകരിക്കുവാനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ പ്രൊബേഷൻ ആഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

84 (6243) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബോർഡിന് സ്ഥിരമായി സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവർ എന്നുമുതലാണ് ബോർഡിൽ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ മെമ്പർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ കൺട്രോൾ ബോർഡിന്റെ ചുമതല ഏൽപ്പിക്കാൻ തയ്യാറാവുമോ ?

ഉത്തരം

(എ) ഓർഗനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിന് ഓഫീസ് സംവിധാനത്തിനായി വികാസ്ഭവനിൽ 2 മുറികൾ അനുവദിച്ചിട്ടുണ്ട്. ഓഫീസ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) ഓർഗനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന 3 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്.

എൽ.ഡി. ക്ലാർക്ക് - 2

ഹെഡ് ക്ലാർക്ക് - 1

(സി) തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ മെമ്പർ സെക്രട്ടറിയുടെ അധിക ചുമതല സാമൂഹ്യക്ഷേമ അഡീഷണൽ ഡയറക്ടർ ആണ് വഹിക്കുന്നത്.

(ഇ) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ബോർഡിലേയ്ക്ക് നിയമിക്കുന്നതാണ്.

വനിതാ വികസന കോർപ്പറേഷൻ

85 (6244) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ മുഖേന കഴിഞ്ഞ നാല് വർഷത്തിൽ എത്ര വനിതകൾക്ക് ആനുകൂല്യം നൽകിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly